# നാവായിക്കുളം CDS

തിരുവനന്തപുരം ജില്ലയുടെ വടക്കേയറ്റത്തുള്ള 22 വാർഡുകളുള്ള ഒരു വലിയ പഞ്ചായത്താണ് നാവായിക്കുളം. Lockdown പ്രഖ്യാപിച്ചതിനു ശേഷം ജനങ്ങളുടെ വിവിധതരത്തിലുള്ള ദുരിതങ്ങൾക്ക് അറുതി വരുത്താനുള്ള പ്രവർത്തനങ്ങളിൽ സജീവമാണ് നാവായിക്കുളം കുടുംബശ്രീ cds ഉം പഞ്ചായത്ത് ഭരണസമിതിയും..

## MF & MICROFINANCE

Lock down പ്രഖ്യാപിച്ച ഉടൻ തന്നെ നാവായിക്കുളം കുടുംബശ്രീ cds യോഗം ചേർന്ന് ഭാവിപ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്തു. CDS തലത്തിലും ADS തലത്തിലും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് വേണ്ടി പ്രത്യേകം വാട്സ്അപ് ഗ്രൂപ്പുകൾ രൂപികരിച്ചു. CMHLSനായി അപേക്ഷിച്ച എല്ലാ അയൽക്കൂട്ടങ്ങൾക്കും മാനദണ്ഡമനുസരിച്ചു ലോൺ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. 164 അയൽക്കൂട്ടങ്ങൾക്കായി 1.66കോടി രൂപയാണ് നാവായിക്കുളം cds ന് അനുവദിച്ചു കിട്ടിയത്.



അയൽക്കൂട്ടങ്ങൾ കൂടാതെ തന്നെ അംഗങ്ങൾക്ക് ആന്തരിക ലോൺ നൽകുന്നതിനുള്ള അനുമതി അയൽക്കൂട്ടങ്ങൾക്ക് നൽകി. April, may മാസങ്ങളിൽ ആന്തരികവായ്പക്ക് പലിശ ഈടാക്കേണ്ടെന്നു cds യോഗം കൂടി തീരുമാനിച്ചു.

## **MKSP**

സംസ്ഥാനസർക്കാരിന്റെ സുഭിക്ഷകേരളം പദ്ധതിയുടെ നടത്തിപ്പിനായി CDS /ADS തലങ്ങളിൽ പ്രത്യേകസമിതികൾ രൂപീകരിച്ചു. കൂടാതെ കൃഷിക്കായി 15 ഏക്കർ തരിശ് ഭൂമി ഇതിനകം ഏറ്റെടുത്തു കഴിഞ്ഞു. Lockdown സമയത്ത് കുടുംബശ്രീ പ്രവർത്തകർക്ക് വിത്തുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു. കമ്മ്യൂണിറ്റി കിച്ചണിലേക്ക് ആവശ്യമുള്ള പച്ചക്കറികൾ,




കിഴങ്ങുവർഗ്ഗങ്ങൾ എന്നിവ വിവിധ JLGകളിൽ നിന്ന്

ലഭ്യമാക്കി. ലോണെടുത്ത കർഷകർക്ക് ഇൻസെന്റീവ് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു.

**ME**

പഞ്ചായത്തിലെ രോഗികൾക്കും ഒറ്റപ്പെട്ടു കഴിയുന്നവർക്കും ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ മാർച്ച് 22 മുതൽ ആരംഭിച്ച കമ്മ്യൂണിറ്റി കിച്ചൻ വർക്കല MLA V. ജോയ് ഉദ്ഘാടനം ചെയ്തു. ഏകദേശം 5000ലധികം പേർക്കും കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ഭക്ഷണം ലഭ്യമാക്കി. കമ്മ്യൂണിറ്റി കിച്ചൻ അവസാനിച്ച ശേഷവും 20 രൂപക്ക് ഭക്ഷണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ജനകീയ ഹോട്ടൽ ജില്ലാ അതിർത്തിയായ കടമ്പാട്ടുകോണത് പ്രവർത്തനം ആരംഭിച്ചു.




**DFK**

lockdown കാലത്ത് അഗതിരഹിത കുടുംബങ്ങളിലെ അംഗങ്ങൾക്ക് അർഹതപ്പെട്ട ഭക്ഷ്യകിറ്റുകൾ അവരുടെ വീടുകളിൽ എത്തിക്കാൻ cds പ്രതേകം ശ്രദ്ധിച്ചു. മാത്രമല്ല അഗതി കുടുംബങ്ങളിലെ 60വയസ്സിനു മുകളിലുള്ള അംഗങ്ങളെ തുടർച്ചയായി വിളിക്കുകയും അവരുടെ ക്ഷേമവിവരങ്ങൾ അനേഷിക്കുകയും ചെയ്തു. ഇങ്ങനെയുള്ള സംഭാഷണങ്ങളിലൂടെ അവരുടെ വിവിധ തരത്തിലുള്ള ആവശ്യങ്ങൾ നിറവേറ്റാനും കുടുംബശ്രീ പ്രവർത്തകർ ശ്രദ്ധിച്ചു. അതുവഴി അവരുടെ ആവശ്യപ്രകാരം മരുന്ന്, പച്ചക്കറി, റേഷൻ എന്നിവ കുടുംബശ്രീ പ്രവർത്തകർ വീട്ടിലെത്തിച്ചു.



## മറ്റുവകുപ്പുകളുമായി സഹകരിച്ചുള്ള പ്രവർത്തനങ്ങൾ

1. ജീവിതശൈലി രോഗങ്ങളുമായി ബന്ധപ്പെട്ട് മരുന്നുകൾ ആവശ്യമുള്ളവർക്ക് PHC കളിൽ നിന്ന് കുടുംബശ്രീ പ്രവർത്തകർ ശേഖരിച്ച് വീടുകളിൽ എത്തിച്ചു നൽകി.
2. അവശത അനുഭവിക്കുന്നവർക്ക് റേഷന്കടകളിൽ നിന്ന് റേഷൻ അരിയും പലവ്യഞ്ജന കിറ്റുകളും വീടുകളിൽ എത്തിച്ചു നൽകി.
3. അഗതികുടുംബങ്ങളിൽ ഉള്ളവർക്ക് supplico നിന്ന് ലഭിച്ചിരുന്ന ഭക്ഷ്യകിറ്റുകൾ അവരുടെ വീടുകളിൽ എത്തിച്ചു നൽകി

**കോവിഡ്കാലത്തെ കുടുംബശ്രീയുടെ ഭാവിപ്രവർത്തനങ്ങൾ**

1. അന്യനാടുകളിൽ നിന്നെത്തി കോരന്റീനിൽ കഴിയുന്നവർക്ക് ആത്മവിശ്വാസം വർധിപ്പിക്കാനായി കൗൺസിലിംഗ് നൽകുക.
2. തൊഴിൽ നഷ്ടപ്പെട്ടെത്തിയ പ്രവാസികളെക്കൂടി മുന്നിൽകണ്ടുകൊണ്ട് കൊടുത്താൽ സൂക്ഷ്മസംരഭങ്ങൾക്കായുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുക.
3. Lock down കാലത്ത് സജീവമായി സന്നദ്ധപ്രവർത്തനം നടത്തിയ വോളന്റിയറന്മാരെ ഭാവിയിൽ കൂടുതൽ സൂക്ഷ്മസംരഭങ്ങളിലും JLG കളിലും ഉൾപ്പെടുത്തി അവർക്ക് വരുമാനം ലഭിക്കുന്ന രീതിയിൽ ഉൾപ്പെടുത്തണം
4. കമ്മ്യൂണിറ്റി കിച്ചണിൽ നിന്ന് ഭക്ഷണം ലഭിച്ചിരുന്നവരും ഭക്ഷണത്തിനു ബുദ്ധിമുട്ടുള്ളവർക്കും ഭക്ഷണം ലഭിക്കാനായി പുതിയ സംവിധാനം ഒരുക്കുക.
5. തങ്ങളുടെ ചുറ്റുപാടുമുള്ള വൃദ്ധരെയും കുട്ടികളെയും പ്രത്യേക ശ്രദ്ധപതിപ്പിക്കാൻ അയൽക്കൂട്ടങ്ങൾ പ്രാപ്തമാക്കുക.




## <u>മറ്റുപ്രവർത്തനങ്ങൾ</u>

1. കമ്മ്യൂണിറ്റി കിച്ചന്റെ പ്രവർത്തങ്ങൾക്കായി വിവിധ വാർഡുകളിൽ നിന്നായി കുടുംബശ്രീ പ്രവർത്തകർ 73000രൂപയുടെ ഭക്ഷ്യസാധനങ്ങൾ വാങ്ങി നൽകി.
2. 18 വാർഡുകളിൽ പച്ചക്കറി കിറ്റ് വിതരണം ചെയ്തു
3. മരുന്നുകൾ മുടങ്ങിയവർക്കായി phc കളിൽ നിന്ന് വോളന്റിയേഴ്സ് വഴി എത്തിച്ചു നൽകി.
4. 5 വാർഡുകളിൽ ADS ന്റെ നേതൃത്വത്തിൽ mask കൾ തയ്ച്ചു വിതരണം ചെയ്തു.
5. കുടുംബശ്രീയുടെ ഭാഗമായി സ്നേഹിതാ പ്രവർത്തകർ വയോജനങ്ങളെയും രോഗികളെയും ഫോണിൽ വിളിക്കുകയും അവർക്കാവശ്യമായ കൗൺസിലിംഗും മാനസിക പിന്തുണയും നൽകി.

**ബ്ലോക്ക് കോർഡിനേറ്റർ**

**രാഹുൽ R G**

**Mob:9995305252**

**CDS ചെയർപേഴ്സൺ**

**P സന്ധ്യ**

**Mob: 9400619476**